# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3915** **24.06.2014** ൽ മറുപടിയ്ക്ക്

### കെട്ടിട നിർമ്മാണത്തിന് മണ്ണുമാറ്റുന്നതിനും കല്ല് പൊട്ടിക്കുന്നതിനുമുള്ള അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണെടുത്തു മാറ്റുന്നതിനും കല്ലുകൾ പൊട്ടിച്ചു നീക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഗാർഹിക ആവശ്യങ്ങൾക്കു കെട്ടിടം നിർമ്മിക്കുന്നതിനും പ്രസ്തുത അനുമതി വാങ്ങേണ്ടതുണ്ടോ; അനുമതി ലഭിക്കുന്നതിന് ഓരോ വിഭാഗത്തിനും നൽകേണ്ട ഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 1967 ലെ കെ.എം.എം.സി ചട്ടം അനുസരിച്ച് ഏതൊരു ഖനനപ്രവർത്തിക്കും മൈനിംഗ് & ജിയോളജി വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളുടെ അനുമതി വാങ്ങേണ്ടതുണ്ട്. ഗാർഹിക ആവശ്യത്തിന് മണ്ണ് ഖനനം നടത്തുമ്പോൾ 5000 രൂപ റോയൽറ്റി വരെയുള്ള ഖനനത്തിന് ചട്ടങ്ങളിൽ റൂൾ 57(1) പ്രകാരം പെർമിറ്റോ ലീസോ സമ്പാദിക്കാതെയും റോയൽറ്റി ഒടുക്കാതെയും സർക്കാരിൽ നിന്നും സ്പെഷ്യൽ പെർമിറ്റ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 5000 രൂപയ്ക്കു മേൽ റോയൽറ്റി വരുന്ന അവസരത്തിൽ ചട്ടങ്ങളിലെ ഷെഡ്യൂളിൽ നിശ്ചയിച്ചിട്ടുള്ള റോയൽറ്റി ഒടുക്കുകയും അനുമതി സമ്പാദിക്കുകയും വേണ്ടതുണ്ട്. ഇത്തരത്തിൽ സ്പെഷ്യൽ പെർമിറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷകൻ അപേക്ഷയോടൊപ്പം 50 രൂപ പത്രത്തിൽ സത്യവാങ്മൂലം നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.ഒ(പി)നമ്പർ 138/ഐ.ഡി തീയതി 17.11.12 പ്രകാരം(റൂൾ 8 & സബ് റൂൾ 1ബി) ഗാർഹിക ആവശ്യങ്ങൾക്ക് മണ്ണെടുപ്പിനുള്ള റോയൽറ്റി 5000 രൂപയിൽ താഴെവരുകയാണെങ്കിൽ 100 രൂപ പത്രത്തിൽ സത്യവാങ്മൂലം വാങ്ങി റോയൽറ്റി ഈടാക്കാതെ മണ്ണെടുക്കുന്നതിനുള്ള അനുവാദം ജിയോളജിസ്റ്റിനു നൽകാവുന്നതാണ്. റോയൽറ്റി 5000 രൂപയിൽ കൂടുകയാണെങ്കിൽ റോയൽറ്റി ഈടാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ടണ്ണിന് 16 രൂപയും സാധാരണ മണ്ണ് ഖനനത്തിന് ടണ്ണിന് 20 രൂപയുമാണ് ഈടാക്കുന്ന റോയൽറ്റി നിരക്ക്. 21.2.2014 ലെ 2/2014/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവിൻപ്രകാരം 250 ടൺ വരെ സാധാരണമണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ 250 ടണ്ണിന് മുകളിൽ അളവ് സാധാരണമണ്ണ് ഖനനം ചെയ്യുന്നുവെങ്കിൽ പരിസ്ഥിതി ക്ളിയറൻസ് ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഇത്തരത്തിൽ ഫീസടച്ച് അനുമതി വാങ്ങേണ്ടതുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ല. |
| (സി) | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം മൈനിംഗ് & ജിയോളജി വകുപ്പ് തടഞ്ഞതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് നിർമ്മാണം തടഞ്ഞത്; നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ; ഇതിൽ അനുമതിക്കായി എത്ര തുകയാണ് മൈനിംഗ് & ജിയോളജി വകുപ്പ് ഈടാക്കിയത്; ഇതിന്റെ മാനദണ്ഡം എന്താണ്; | (സി) | കട്ടപ്പന ബ്ളോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം മൈനിംഗ് & ജിയോളജിവകുപ്പ് തടഞ്ഞിട്ടില്ല. എന്നാൽ അനധികൃത ധാതു ഖനനം മാത്രമാണ് തടഞ്ഞിട്ടുള്ളത്. അനധികൃത ഖനനം നടത്തിയതിന് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം റോയൽറ്റി ഇനത്തിൽ 15,000 രൂപയും പിഴയായി 5,000 രൂപയും ഈടാക്കിയിട്ടുണ്ട്. |
| (ഡി) | സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇത്തരം നിയമങ്ങൾ കാലതാമസം ഉണ്ടാക്കുന്ന പശ്ചാത്തലത്തിൽ പ്രസ്തുത വ്യവസ്ഥയിൽ നിന്ന് സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ല. |

**സെക്ഷൻ ഓഫീസർ**